Minister for Transport and Labour (**Shri T. V. Thomas**):

(a) Yes.
(b) 9272 numbers. Total expenditure is Rs. 1,16,600.
(c) Rs. 1,09,300.

ട്രാൻസ്പോർട്ട് വെയിറ്റിംഗ് റൂമുകൾ.

* 1758. [5] ശ്രീ. പി. എസ്. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ട്രാൻസ്പോർട്ടുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സംസ്ഥാനത്ത് ഗവണ്മെൻറിനു സ്വന്തമായി എത്ര ട്രാൻസ്പോർട്ട് വെയിറ്റിംഗ് റൂമുകളുണ്ട് ;

(ബി) വാടക കെട്ടിടങ്ങളിൽ ട്രാൻസ്പോർട്ട് വെയിറ്റിംഗ് റൂമുകൾ സ്ഥാപിച്ചിട്ടുള്ളതെത്ര ;

(സി) അങ്ങിനെയുള്ള കെട്ടിടങ്ങൾക്ക് ആണ്ടിനാൽ എന്തു വീതം വാടക കൊടുക്കണം;

(ഡി) ട്രാൻസ്പോർട്ട് ബസ്സ് സ്റ്റാൻഡുകളിൽ മലമൂത്രവിസർജ്ജനത്തിനു സൗകര്യമില്ലാത്തവ എത്രയുണ്ട് ;

(ഇ) മലമൂത്രവിസർജ്ജനത്തിനു സൗകര്യമില്ലാത്ത ബസ്സ് സ്റ്റാൻഡുകളിൽ ആ കുറവു് ഉടനടി പരിഹരിക്കുന്നതിനു് ഗവണ്മെൻറ് സ്വീകരിച്ചുവരുന്ന നടപടികൾ സ്വീകരിക്കുമോ ?

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. ടി. വി. തോമസ്സ്) :

(എ) 54.
(ബി) 9.
(സി) 5502 രൂപാ 72 നയാപൈസ.
(ഡി) ഒന്നുമില്ല.
(ഇ) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. കെ. എ. ബാലൻ : എന്റെ 30-ാം നമ്പർ ചോദ്യം ഇതിനോടു് സാമ്യമുള്ളതാണു്. അതിന്റെ ഉത്തരം കൂടി ഈ അവസരത്തിൽ പറഞ്ഞാൽ കൊള്ളാം.

വെയിറ്റിംഗ് ഷെഡ്ഡുകൾ

* 1759. [30] ശ്രീ. കെ. എ. ബാലൻ : താഴെ കാണുന്ന ചോദ്യത്തിനു് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

യാത്രക്കാരുടെ സൗകര്യത്തെ പരിഗണിച്ചു് എത്ര വെയിറ്റിംഗ് ഷെഡ്ഡുകൾ കെട്ടുന്നതിനു് ഈ സാമ്പത്തിക വർഷത്തിൽ നിശ്ചയിച്ചിട്ടുണ്ടു്; അതോടനുബന്ധിച്ചു് മലമൂത്രവിസർജ്ജനത്തിനു് ആവശ്യമായ സൗകര്യങ്ങൾ ഉണ്ടാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. ടി. വി. തോമസ്സ്) : ചെറിയ വെയിറിംഗ് ഷെഡ് അടക്കം 63 എണ്ണം പണിയാൻ നടപടികളും ആരംഭിച്ചിട്ടുണ്ട്. പ്രധാനപ്പെട്ട ബസ് സ്റ്റേഷനിലല്ലാതെ വെയിറിംഗ് ഷെഡ്കളോട് അനുബന്ധിച്ച് മലമൂത്രവിസർജ്ജനത്തിനു സൗകര്യങ്ങളും ഉണ്ടാക്കണമെന്നു ഉദ്ദേശിക്കുന്നില്ല.

ശ്രീ. കെ. സി. ഏബ്രഹാം : കായംകുളം ബസ്സ്സ്റ്റാൻറിൽ മലമൂത്രവിസർജ്ജനത്തിനു സൗകര്യമുണ്ടെന്നാണോ പറയുന്നത് ?

ശ്രീ. ടി. വി. തോമസ് : അതൊരു എക്സെപ്ഷണൽ കേസാണ്. അതു ഇപ്പോൾ അങ്ങോട്ടു മാറ്റിയതാണ്.

ശ്രീ. പി. റ്റി. ചാക്കോ : അപ്പോൾ എല്ലാ ബസ്സ്റ്റാൻറുകളിലും മലമൂത്രവിസർജ്ജനത്തിനു സൗകര്യമുണ്ടെന്നു പറയുന്നതു തെറ്റല്ലേ ?

ശ്രീ. ടി. വി. തോമസ് : അങ്ങനെ സാങ്കേതികമായ തർക്കം പുറപ്പെടുവിക്കുന്നതു എന്തിനാണെന്നു മനസ്സിലാകുന്നില്ല. കായംകുളം ബസ്സ്സ്റ്റാൻറ് ഇപ്പോയിടെയാണ് പുതിയ സ്ഥലത്തേയ്ക്കു മാറ്റിയതു. അവിടെ സൗകര്യങ്ങൾ ഏർപ്പെടുത്താൻ കുറച്ചു കാലതാമസം ഉണ്ടാകും.

ശ്രീമതി ലീലാദാമോദരമേനോൻ : എറണാകുളം ബസ്സ്സ്റ്റാൻറിൽ ഈ വക സൗകര്യങ്ങളും ഇല്ലെന്നറിയാമോ ?

ശ്രീ. ടി വി. തോമസ് : അവിടെ സൗകര്യങ്ങളും ഉണ്ടെന്നാണ് ഗവണ്മെൻറിൻറെ അറിവു്.

ശ്രീ. പൊന്നറ ശ്രീധർ : നെടുമങ്ങാട്ടു വെയിറിംഗ് റൂം ഉണ്ടു്. അവിടെ സൗകര്യമൊന്നുമില്ല. അതനേഷിച്ചു് വേണ്ടതു ചെയ്താൽ കൊള്ളാം.

ശ്രീ. ടി. വി. തോമസ് : വെയിറിംഗ് റൂമും, ബസ്സ്സ്റ്റാൻറും തമ്മിൽ വ്യത്യാസമുണ്ടു്. നെടുമങ്ങാട്ടും സൗകര്യമുണ്ടെന്നാണ് അറിവു്. ഇല്ലെങ്കിൽ അതിനെപ്പറ്റി അനേഷിക്കാം.

ശ്രീ. എം. നാരായണക്കുറുപ്പ് : ആലപ്പുഴയുള്ള ഈ സൗകര്യം ഉപയോഗിക്കാൻ സാധിക്കാത്ത നിലയിലാണെന്നു അറിയാമോ ?

ശ്രീ. ടി. വി. തോമസ് : അതു ഒരു അഭിപ്രായം മാത്രമാണ്.

ശ്രീ സി. എ. മാത്യു : ആലുവായിൽ മലമൂത്രവിസർജ്ജനത്തിനുള്ള സൗകര്യമില്ല.

ശ്രീ. ടി. വി. തോമസ് : അവിടെയും സൗകര്യങ്ങളുണ്ടു്.

ദേശീയവരുമാനവും, ഒരാളുടെ വരുമാനവും സംബന്ധിച്ചുള്ള സ്ഥിതിവിവര കണക്കുകൾ.

* 1760. [6] ശ്രീ. പി. ഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൻറെ ദേശീയവരുമാനവും, ഒരാളുടെ വരുമാനവും സംബന്ധിച്ച വല്ല സ്ഥിതിവിവരക്കണക്കുകളും ശേഖരിച്ചിട്ടുണ്ടോ ;

(ബി) ഇതിൽ കാർഷിക വരുമാനമിനത്തിൽ ദേശീയവരുമാനമായി എന്തു ലഭിക്കുമെന്നും ഒരാളിനു കാർഷികവരുമാനമായി എന്തു കിട്ടുമെന്നും പറയുവാൻ കഴിയുമോ ;

(സി) ഏറ്റവും കുറഞ്ഞ വരുമാനം ഒരാളിൻറെ ഏതിനത്തിൽ നിന്നാണ് ?

LIBRARY ARCHIVES Kerala Legislative Assembly